## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1873 | 07.03.2018 ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം കരിമ്പുഴയിൽ മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ആവശ്യ സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വിലക്കയറ്റം തടയുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിനായി സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും ഗാർഹികാവശ്യത്തിനുള്ള എല്ലാ വിധ നിത്യോപയോഗ ഭക്ഷ്യവസ്തുക്കളും ഫ്രീ സെയിൽ നിരക്കിൽ സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളായും പൊതുവിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ വില്പന നടത്തുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കാമോ? | (ബി) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലിസ്റ്റോറായതിനാൽ കെട്ടിട സൗകര്യവും അനുബന്ധ ഉപകരണങ്ങൾക്കുള്ള ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ